**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4144** **09-08-2021 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | **Shri P. A. Mohamed Riyas**<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19-ന്റെ പ്രത്യേക സാഹചര്യത്തിൽ ആഭ്യന്തര ടൂറിസം വികസനത്തിനായി ഒരു പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് ഡെസ്റ്റിനേഷനെങ്കിലും വികസിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വികസനത്തിന്റെ ഭാഗമായി പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തുന്നതിനായി കേരളത്തിലെ എല്ലാ ജില്ലകളിലെയും പഞ്ചായത്തുകളുടെ ടൂറിസം സാധ്യത പരിശോധിച്ച് അവയുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിന്റെ ഭാഗമായി അതാത് ജില്ലകളിലെ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ അവിടെയുള്ള ബന്ധപ്പെട്ട സ്റ്റേറ്റ് ഹോൾഡേഴ്സിനേയും പഞ്ചായത്ത് പ്രതിനിധികളേയും ഉൾപ്പെടുത്തി സർക്കാർ യോഗം നടത്തി വരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകൾ തയ്യാറാക്കിയ പദ്ധതി നിർദ്ദേശങ്ങൾ വകുപ്പിന് ലഭിച്ചു വരുന്നു. 'ഡെസ്റ്റിനേഷൻ ചലഞ്ച് ' എന്ന പേരിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതിയുടെ മാർഗരേഖ തയ്യാറാക്കി വരുന്നു. |
| (ബി) | ഇത്തരം ഡെസ്റ്റിനേഷനുകളിൽ കൂടുതൽ തൊഴിൽ സാധ്യത സൃഷ്ടിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം സാധ്യത കൂടി പരിഗണിക്കുന്നതിന് സർക്കാർ തയ്യാറാകുമോയെന്ന് വെളിപ്പെടുത്താമോ; | (ബി) | വിവിധ ടൂറിസം സംരംഭകത്വ വികസന പദ്ധതികൾ ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ ആരംഭിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | ഒരു പഞ്ചായത്തിൽ ഒരു ടൂറിസ്റ്റ് കേന്ദ്രം എന്ന രീതിയിൽ ടൂറിസം വികസനം സാധ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകൾ ഏതെല്ലാം തരത്തിലുള്ള സൗകര്യങ്ങളാണ് വിനോദസഞ്ചാര വകുപ്പിന് ലഭ്യമാക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡം നിശ്ചയിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ